കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്കിലെ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളം വർദ്ധനവ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).1285/15/തസ്വഭവ                                   തിരുവനന്തപുരം, തീയതി, 29.04.2015

==========================================================================

പരാമർശം:
1. 04.07.2013 ലെ ജി.ഒ.(എം.എസ്.)243/2013/തസ്വഭവ നമ്പർ ഉത്തരവ്.
2. കേന്ദ്രഗ്രാമവികസന വകുപ്പിന്റെ 28.07.2014 ലെ K-11034/39/2011/MKSP/Kel. നമ്പർ കത്ത്.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം.കെ.എസ്.പി.യുടെ 20.10.2014 ലെ 096/MKSP/CoMPT/PMU/2013 നമ്പർ കത്ത്.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം.കെ.എസ്.പി.യുടെ 16.02.2015 ലെ 096/MKSP/CoMPT/PMU/2014 നമ്പർ കത്ത്.
5. 24.09.2014 ൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല കൺസൾട്ടേറ്റീവ് കമ്മിറ്റി തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകൃഷി പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) ടി പദ്ധതിയുടെ കാലാവധി പരാമർശം(2)ലെ കത്ത് പ്രകാരം കേന്ദ്രസർക്കാർ ജൂൺ 2016 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2. പരാമർശം(1)ലെ ഉത്തരവ് പ്രകാരം ടി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഓഫീസിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, കൺസോർഷ്യം, സംസ്ഥാനതല കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗങ്ങളിൽ തീരുമാനിച്ച പ്രകാരം താഴെപ്പറയും വിധം വർദ്ധിപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം മൂന്നിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

| തസ്തിക | നിലവിലുള്ള ശമ്പളം | വർദ്ധിപ്പിക്കാവുന്ന ശമ്പളം |
|---|---|---|
| അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ | 15,000 | 22,000 |
| ഓഫീസ് അസിസ്റ്റന്റ് | 10,000 | 18,000 |

| | | |
|---|---|---|
| അക്കൗണ്ടന്റ് | 10,000 | 18,000 |
| ഡാറ്റാ മാനേജർ | 12,000 | 20,000 |
| ഫീൽഡ് കോർഡിനേറ്റർ | 12,000 | 20000+ടി.എ.+ഫോൺ അലവൻസ് |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് ഉടൻ പ്രാബല്യത്തിൽ വരുംവിധം അംഗീകരിച്ച് ഉത്തരവാകുന്നു.

| തസ്തിക | ശമ്പളം |
|---|---|
| അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ | 18,000/- (പതിനെണ്ണായിരം രൂപ) |
| ഓഫീസ് അസിസ്റ്റന്റ് | 13,000/- (പതിമൂവായിരം രൂപ) |
| അക്കൗണ്ടന്റ് | 13,000/- (പതിമൂവായിരം രൂപ) |
| ഡാറ്റാ മാനേജർ | 15,000/- (പതിനയ്യായിരം രൂപ) |
| ഫീൽഡ് കോർഡിനേറ്റർ | 15,000/- (പതിനയ്യായിരം രൂപ) |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി., ഇ.ടി.സി. ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ-680655.
3. ജില്ലാ പ്രോജക്ടർ ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
4. ഡയറക്ടർ, ഗ്രീൻ ആർമി, അത്താണി, തൃശ്ശൂർ
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.